There is one other point that I should stress. That is, he was very charitable. Whenever anybody goes to him with a noble cause, a cause that is laudable, he used to pay generously somewhat lavishly out of his pocket. It is not common that retired officers, for the matter of that, any other officers pay even generously for causes which are noble and laudable.

Besides there is one other matter that I wish to bring to the notice of this House and that is he belongs to a family all the members of which without any exception have shone very much in the various professions that they have engaged themselves in. His three brothers are occupying very high and distinguished positions in British India.

With the prayer that his soul may rest in peace I resume my seat.

Mr. Deputy President : I associate myself with all the sentiments expressed in the resolution and suggest that the House may pass the resolution standing.

The resolution was carried all the members standing.

The Cochin Village Panchayat Act Amendment Bill.

മിസ്റ്റർ സി. വി. ഇയ്യു: സർ, വില്ലേജ് പഞ്ചായത്തു നിയമത്തിൽ ചില ഭേദഗതികൾ വരുത്തുവാനായിട്ടാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ പഞ്ചായത്തിലെ നോമിനേഷൻ സമ്പ്രദായം നിറുത്തൽ ചെയ്യേണ്ടതാണെന്നുള്ള ഒരു ഉപക്ഷേപം ഞാൻ അവതരിപ്പിക്കുകയുണ്ടായി. ആ അവസരത്തിൽ അതിലേക്ക് ഒരു ഭേദഗതി ബിൽ കൊണ്ടുവരേണ്ടതാണെന്നു് ഈ സഭയിൽവെച്ച് അന്നത്തെ കൊച്ചിൻ കാൺഗ്രസ് നേതാവും ഇന്നത്തെ ബഹുമാനപ്പെട്ട മന്ത്രിയും അഭിപ്രായപ്പെടുകയുണ്ടായി. അതനുസരിച്ചാണ് ഞാൻ ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ബില്ലിന്റെ ഗുണദോഷങ്ങളെപ്പറ്റിയൊന്നും ഞാൻ ഇപ്പോൾ സംസാരിക്കുന്നില്ല. എന്റെ ബില്ലിൽ പ്രധാനമായി വിവക്ഷിച്ചിട്ടുള്ള വ്യവസ്ഥകളെക്കുറിച്ച് അതിന്റെ ഉദ്ദേശങ്ങളിലും കാരണങ്ങളിലും വിശദമായി കാണിച്ചിട്ടുണ്ട്.

ഒന്നാമതായി ഈ ബില്ലിലെ പ്രിയാമ്പിളിൽ മലയാളവിദ്യാഭ്യാസം വേണ്ടിവന്നാൽ പഞ്ചായത്തുകൾക്ക് ഏറ്റെടുത്തു നടത്തുവാൻ സൌകര്യമുണ്ടാകണമെന്നാണ് ആവശ്യപ്പെട്ടതു്. വിദ്യാഭ്യാസമെമ്പർ ഡയാക്കരായ ആദ്യകാലത്തു് അദ്ദേഹം നടത്തിയ വിദ്യാഭ്യാസ സർവ്വെ റിപ്പോർട്ടിൽതന്നെ ഇപ്പോഴുള്ളഎല്ലാ മലയാളം സ്കൂളുകളും പഞ്ചായത്തിന്റെ ഭരണത്തിൻ കീഴിൽ കൊണ്ടുവരേണ്ട ആവശ്യത്തെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുണ്ടായിരുന്നു. വല്ല മലയാളം സ്കൂളുകളും പൊളിഞ്ഞുപോകുന്നപക്ഷം അവയെ ഏറ്റെടുത്തു നടത്തുവാൻ പഞ്ചായത്തുകാർക്കു "അവകാശവും സൌകര്യവും അധികാരവും ഉണ്ടായിരിക്കണം എന്നമാത്രമെ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ. അതാതു സ്ഥലങ്ങളിലെ പഞ്ചായത്തുകൾക്ക് ഇഷ്ടമുണ്ടെങ്കിൽ—അവർ ആവശ്യപ്പെടുന്നപക്ഷം —അങ്ങിനെ വിട്ടുകൊടുക്കണമെന്നാണ് എന്റെ ഭേദഗതി ബില്ലിൽ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടിരിക്കുന്നതു്. ഇതിനു് ഉദാഹരണം പറയുകയാണെങ്കിൽ ഫ്ര ഫ്ര ഫ്ര ഫ്ര-ൽ ആണെന്നു തോന്നുന്നു, സ്കൂൾ വഷ്ത്തിന്റെ മദ്ധ്യത്തിൽ കാട്ടകാമ്പാൽ എന്ന സ്ഥലത്തു് അവിടത്തെ ഒരു നല്ല മലയാളം സ്കൂളിൽ ഒന്നൊ രണ്ടൊ മാസ്റ്റർ മാരും മാനേജരും തമ്മിൽ ഉടലെത്തിക്കുണ്ടായതിന്റെ ഫലമായി മാസ്റ്റർമാരെ പിരിച്ചയക്കുവാൻ അനുവാദം തന്നില്ലെങ്കിൽ സ്കൂൾ നിറുത്താനിടവരുമെന്നു് ഡയറക്ടർക്കു് അഞ്ചലിൽ എഴുത്തയച്ചതിന്റെ പിറ്റേദിവസംതന്നെ സ്കൂൾ നടത്തുന്നില്ലെന്നു തീർച്ചപ്പെടുത്തി സ്കൂൾ സ്ഥിരമായി പൂട്ടുകയുണ്ടായി. ഡയറക്ടരവർകൾ സ്ഥലത്തു ചെന്നു് വിവരങ്ങൾ അന്വേഷിക്കുകയും ഒടുവിൽ വളരെ പ്രയാസപ്പെട്ടു് അവിടെയുള്ള ഒരു മാന്യനെ പ്പേരിപ്പിച്ചു് കുറെ സംഖ്യ അയാളെക്കൊണ്ടു ചിലവാക്കിച്ചു വേറെ ഒരു സ്കൂൾ തുടങ്ങേണ്ടിവരുമായും ചെയ്തു. അന്നു് അതു ചുമതലപ്പെട്ട നടത്തുവാൻ നിവൃത്തിയില്ലാതെവന്നിരുന്നെങ്കിൽ ശവമെണ്ടിൽനിന്നതന്നെ ആ സ്കൂൾ തുടങ്ങേണ്ടിവരുമായിരുന്നു. ഇങ്ങിനെ ആളുകൾ പണം പിരിച്ചു തുടങ്ങേണ്ടിവരുന്ന സ്കൂളുകൾ ഉത്തരവാദിത്വത്തോടുകൂടി ഏറ്റെടുത്തു നടത്തുവാനുള്ള സ്ഥാപനങ്ങൾ ഇല്ലാതാണിരിക്കുന്നതു്.

ഡാക്ടർ എ. ആർ. മേനോൻ : പഞ്ചായത്തുതന്നെ സ്കൂൾ നടത്തണമെന്നാണൊ പറയുന്നതു് ?

മിസ്റ്റർ സി. വി. ഇയ്യു : അതെ.

ഡാക്ടർ എ. ആർ. മേനോൻ : ഉടമസ്ഥന്മാരുടെ നിലയിലൊ ?

മിസ്റ്റർ സി. വി. ഇയ്യു : അതെ, ഉടമസ്ഥന്മാരുടെ നിലയിൽ. നാട്ടുകാരിൽനിന്നുള്ള പണപ്പിരിവു നടത്തി സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾ പലതുമുണ്ടു്. അവയിൽചിലതു് നാട്ടുകാരിൽ പ്രമാണികളായുള്ളവരുടെ തറവാട്ടസ്വത്തായി പരിണമിച്ചിരിക്കുന്നു. അങ്ങിനെയുള്ള സ്കൂളുകളെല്ലാം പഞ്ചായത്തുകാരുടെ അധികാരത്തിൻകീഴിൽ നടത്തപ്പെടുന്നപക്ഷം അതു വളരെ സൌകര്യമായിരിക്കുന്നതാണു്. ബ്രിട്ടീഷ് ഇൻഡ്യയിൽ—പ്രത്യേകിച്ചും മദിരാശി സംസ്ഥാനത്തിൽ—ഇപ്പോൾ നിലവിലുള്ള പഞ്ചായത്തുനിയമം അവിടത്തെ മുനിസിപ്പാലിറ്റികൾക്കും, ഡിസ്ട്രിക്ട് ബോർഡിനും പഞ്ചായത്തുകൾക്കും കൂടിയുള്ളതാണെന്നു് ഈ സഭയെ ധരിപ്പിക്കേണ്ടതുണ്ടു്. ഇപ്പോഴത്തെ നിയമം ഏഴോ എട്ടോ കൊല്ലം മുമ്പു് ബഹുമാനപ്പെട്ട (പരേതനായ) മുനിസിപാമി നായിഡു, മദിരാശിയിലെ പ്രധാനമന്ത്രിയായിരുന്ന കാലത്തു്,—ജസ്റ്റീസ് പാർട്ടിക്കു് പ്രതിപക്ഷമുണ്ടായിരുന്ന കാലത്തു്—പാസാക്കി നടപ്പിൽ വരുത്തീട്ടുള്ളതാണു്. ആ നിയമത്തിൽ പഞ്ചായത്തിനു് ഉപയുക്തമായി തോന്നുന്നപക്ഷം എലിമെൻററി സ്കൂളുകൾ ഡിസ്ട്രിക്ട് ബോർഡിൽ നിന്നു വിട്ടുകൊടുത്തു് പഞ്ചായത്തിൽനിന്നും ഏറ്റെടുത്തുനടത്തണമെന്നുണ്ടു്. അതുപോലെതന്നെ പുതിയ സ്കൂളുകൾ തുടങ്ങുവാനുള്ള വ്യവസ്ഥയും ആ നിയമത്തിൽ വിശദമാക്കീട്ടുണ്ടു്. അങ്ങിനെ നടത്തിവരുന്ന മുന്നൂറോളം സ്കൂളുകൾ ഇപ്പോൾ തെക്കൻ കണ്ണാടകജില്ലയിലുണ്ടു്. ചെങ്കൽപേട്ടയിലും അങ്ങിനെയുള്ള സ്കൂളുകളുണ്ടു്. മലബാർ ഡിസ്ട്രിക്ട് ബോർഡിലും സ്കൂളുകൾ വിട്ടുകൊടുക്കുന്നതിനു വേണ്ടിയുള്ള ആലോചനകൾ നടന്നുവരുന്നുണ്ടു്.

നമ്മുടെ രാജ്യത്തുള്ള ജനങ്ങളുടെ സാമാന്യവിദ്യാഭ്യാസം മദിരാശി സംസ്ഥാനത്തുള്ള വിദ്യാഭ്യാസത്തേക്കാൾ വളരെ ഉയർന്നതാണു്. അതുകൊണ്ടു് ഇവിടെയുള്ള സ്കൂളുകൾ ഏറ്റെടുത്തു നടത്തുവാൻ ബുദ്ധിശക്തിയില്ലാത്ത ആളുകളാണു് പഞ്ചായത്തിലുള്ളതെന്നു് വിചാരിക്കുന്നുവെങ്കിൽ അതു വളരെ കഷ്ടമാണു്. ഈ ബില്ലിൽ എല്ലാ സ്കൂളുകളും ഏറ്റെടുത്തുനടത്തണമെന്നു് അ

LIBRARY ARCHIVES Kerala Legislative Assembly

വശ്യപ്പെട്ടന്നില്ല. വല്ല സ്കൂളുകളും തകരാറാകുന്ന നിലയിൽ വന്നു" നാട്ടുകാർ പണം പിരിച്ചു" ചിലവു ചെയ്യുവാൻ തയ്യാറാണെന്നു കണ്ടാൽ അതിനു നിയമസംബന്ധമായ പ്രതിബന്ധമുണ്ടാകരുതു്. അങ്ങിനെ നടത്തുന്ന സ്കൂളുകൾ മാനേജ്മെൻറിൽ നടത്തുവാൻ സൌകര്യമില്ലെങ്കിൽ അതു് ഏറെ നടത്തുവാനുള്ള അധികാരം പഞ്ചായത്തിനു വിട്ടുകൊടുക്കണം. ഇപ്പോഴത്തെ നിലയിൽ മാനേജർമാർ അവരുടെ കയ്യിൽനിന്നു കുറെക്കൂടി പണം ഉണ്ടാക്കി മാസ്റ്റർമാർക്കു കൊടുക്കേണ്ടതാണല്ലൊ. ഈ നിയമം ഭേദഗതി ചെയ്യുന്നതിനു ഇനിയും താമസമുണ്ടാകയില്ലല്ലൊ. കഴിഞ്ഞ ബഡ്ജറ്റസമ്മേളനത്തിൽ ഇക്കാര്യം സംബന്ധിച്ചു" മിസ്റ്റർ കെ. എസ്സ്". പണിക്കർ ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നു" ഭൂരിപക്ഷത്തോടുകൂടി പാസാക്കീട്ടുണ്ടു". കണ്ടിഞ്ചൻസി നേരിട്ടു മാനേജുമെണ്ടിലേക്കും ട്യൂഷൻ ഗ്രാൻറ് മാസ്റ്റർമാർക്കു നേരിട്ടും കൊടുത്താൽ പഞ്ചായത്തുസ്കൂളുകൾ കാര്യക്ഷമമായി നടന്നുപോകുന്നതാണു".

Dr. A. R. Menon (*Minister for Rural Development*) : In the Bill you have stated the supervision and management of malayalam primary schools.

മിസ്റ്റർ സി. വി. ഇയ്യു : മലയാളം സ്കൂളുകളുടെ സൂപ്പർവിഷനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ പഞ്ചായത്തുനിയമത്തിൽതന്നെ പഞ്ചായത്തുകാർക്കു അധികാരം ഉണ്ടു".

Dr. A. R. Menon (*Minister for Rural Development*) : You have stated 'management of all primary schools'.

Mr. C. V. Iyyu (*Kunnamkulam*) : In the objects and reasons, I have specifically stated that if the management breaks away, it may be taken up.

മിസ്റ്റർ കെ. അയ്യപ്പൻ : പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം മിനിസ്റ്റർ ഒരു ബിൽ കൊണ്ടുവരുന്നുണ്ടെന്നു കേട്ടു. അങ്ങിനെയുള്ളപക്ഷം ഇങ്ങിനെ ഒരു പ്രത്യേകബില്ലിൻറെ ആവശ്യം ഉണ്ടാകുമോ? ഇതു ഞാൻ ഈ ബില്ലിനു" എതിരായിട്ടു പറഞ്ഞതാണെന്നു" അവതാരകൻ കരുതരുതു്.

ഡാക്ടർ എ. ആർ. മേനോൻ : കൊണ്ടുവരുന്നുണ്ടു".

മിസ്റ്റർ സി. വി. ഇയ്യു : ഈ ഭേദഗതിബില്ലിൻറെ പേരെ ഒരു പ്രധാനമായ ഉദ്ദേശം ഇപ്പോഴത്തെ നോമിനേഷൻ സമ്പ്രദായം മാറി റിസർവേഷൻ നടപ്പിൽവരുത്തണമെന്നുള്ളതാണു". ഇതും ഞാൻ മുമ്പു പറഞ്ഞമാതിരി മദിരാശിയിൽ ബഹുമാനപ്പെട്ട മുനിസ്വാമിനായിഡുവിൻറെ കാലത്തു് പാസാക്കീട്ടുള്ള ഭേദഗതിനിയമമാണു". ഈ കാര്യത്തെ സംബന്ധിച്ചു" കഴിഞ്ഞ ബഡ്ജറ്റസമ്മേളനത്തിൽ ഞാൻ ഉപക്ഷേപം അവതരിപ്പിച്ച അവസരത്തിൽ എടുത്തുപറഞ്ഞിട്ടുണ്ടു". ആ അവസരത്തിൽ മിസ്റ്റർ സി. ആർ. ഇയ്യുണ്ണി പറഞ്ഞിട്ടുള്ള അഭിപ്രായവും കൂടി ഞാൻ ഇവിടെ വായിക്കാം. " Mr. Iyyu was saying as per the Panchayat Act, certain powers are given both to the Panchayat and to the Panchayat Courts. But in matters like the appointment or election of Panchayat President., because of the nominations that are being manipulated by the officer concerned, the persons who happen to occupy such post, are not capable persons who could do the work assigned to such offices efficiently, because the persons who occupy such places do not

LIBRARY ARCHIVES Kerala Legislative Assembly

deserve them. It is because of the manipulations that are being made by the authorities concerned, that such things happen. In such cases the power vested in them is set at naught or is nullified. It is to remedy this defect that Mr. Iyyu wants a deviation from the existing practice."

അന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്താണെന്നും ഇപ്പോൾ ആവശ്യപ്പെടുന്നതെന്താണെന്നും ഈ സഭക്കു് ഇതുകൊണ്ടു് നല്ലപോലെ മനസ്സിലാകും. എന്റെ അറിവിൽ പെട്ടിടത്തോളം ഒരു പഞ്ചായത്തിൽ അഞ്ചു മെമ്പർമാരുണ്ടെങ്കിൽ പ്രസിഡന്റ് നോമിനേറ ചെയ്യപ്പെട്ടവരായിട്ടാണു കാണുന്നതു്. ഏതെങ്കിലും ഒരു മെമ്പർക്കു് പ്രസിഡന്റാകണമെന്നുണ്ടെങ്കിൽ അയാൾ നോമിനേഷനു് പ്രത്യേകം മനസ്സുവെച്ചാൽ മതി. ഇപ്രകാരം പ്രസിഡന്റാകുവാൻ കൊതിക്കുന്ന ആളുകൾക്കു് നോമിനേഷൻ മൂലം അതു സാധിപ്പിക്കുന്നതു ജനാധിപത്യഭരണത്തിനു വിരുദ്ധമായിട്ടുള്ളതാണു്.

Dr. A. R. Menon (*Minister for Rural Development*): Are you sure of your statement that the majority of the Panchayats have only 5 members ?

മിസ്റ്റർ സി. വി. ഇയ്യു: അങ്ങിനെയല്ല. അധികം മെമ്പർമാരുള്ള പഞ്ചായത്തുകളിലാണെങ്കിൽതന്നെയും ഒരുവിധം മഭ്യാഭയും സ്വാതന്ത്ര്യബോധവും ഉള്ള ആളുകൾ മെമ്പർസ്ഥാനത്തിനു നിൽക്കാതേയും അഥവാ നിൽക്കുന്നുണ്ടെങ്കിൽ അവർക്കു പ്രസിഡൻസ്ഥാനം കിട്ടാതേയും വരുന്നുണ്ടു്. മദ്രാസിൽ ദ്വന്ദഭരണം നടപ്പുള്ളപ്പോൾ ആണു് നോമിനേഷൻ നിർത്തിയതു്. അതുകൊണ്ടു് ഇന്നത്തെ ദ്വിഭരണസമ്പ്രദായം നടപ്പിലിരിക്കുമ്പോൾതന്നെ നോമിനേഷൻ നിർത്തിയ നിയമം നടപ്പിൽ വരുത്തേണ്ടതാണു്. ശരിയായ ഉത്തരവാദിത്വഭരണം കിട്ടുമ്പോൾ വില്ലേജിലെ ജനങ്ങൾക്കു് രാഷ്ട്രീയമായ വിജ്ഞാനം സിദ്ധിക്കുന്നതുമാണു്. എന്റെ ഈ ഭേദഗതികൊണ്ടു് സമുദായപ്രാതിനിധ്യത്തിനു് പൂർണ്ണസെക്കേയ്യും വെച്ചുകൊടുക്കുന്നുമുണ്ടു്.

പിന്നീടുള്ള ഒരു ഭേദഗതി കന്നുകാലിആക്രമണ ആക്ടു് റഗുലേഷൻ നടപ്പാക്കുപ്പുപ്രകാരമുള്ള കേസുകൾ പഞ്ചായത്തുകോടതികളിൽ കൊടുക്കാം എന്നുള്ളതാണു്. ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ചു് ഇത്തരമുള്ള കേസ്സുകൾ മുൻസീഫുകോടതിയിൽ കൊണ്ടുപോയി കൊടുക്കേണ്ടിവരുന്നു. കന്നുകാലികളുടെ ആക്രമണം മൂലം കൃഷിക്കു് വളരെ നാശങ്ങൾ സംഭവിക്കുന്നുണ്ടു്. വിളവു നശിപ്പിക്കുന്ന കന്നുകാലികളെ വെടിവെച്ചുകൊല്ലുന്നതിനോ തല്ലിക്കൊല്ലുന്നതിനോ ഉള്ള നിയമം ഉണ്ടായാൽ കൊള്ളാമെന്നു് പല കൃഷിക്കാരും എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. അങ്ങിനെ വിളവു നശിപ്പിക്കുന്ന കന്നുകാലികളെ പിടിച്ചു് പൌണ്ടിൽ കൊണ്ടുപോയി കെട്ടിയാൽ ശവമ്മൻറിനു പിഴയും വില്ലേജുകാർക്കു തീറ്റക്കൂലിയും കൊടുത്തു അവയെ ഇറക്കിക്കൊണ്ടു പോകുമെന്നല്ലാതെ കൃഷിക്കാരനു് നഷ്ടപ്പെട്ടതിന്റെ ഉത്തരവാദിത്വം ആക്കുമില്ല. അങ്ങിനെയുള്ള കേസുകൾ കൊടുക്കണമെങ്കിൽ പണച്ചിലവുചെയ്തു മുൻസീഫ്കോടതിയിൽ കൊണ്ടുപോയി കൊടുക്കേണ്ടിയിരിക്കുന്നു. ഇത്തരമുള്ള കേസുകൾ പഞ്ചായത്തു കോടതികളിൽ കൊടുക്കണമെന്നു നിയമമുണ്ടാക്കുകയും പശുക്കളുടെ ഉടമസ്ഥന്റെപേരിൽ നഷ്ടത്തിനുവേണ്ടി നടപടി നടത്തുവാൻ അവകാശമുണ്ടാക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്. തന്മൂലം വിളവുനശിപ്പിക്കുന്ന പശുക്കളെ അഴിച്ചുവിടാതെ വീട്ടിൽവെച്ചുതന്നെ സംരക്ഷിക്കുന്നതിനിടവരുന്നതും, ആയതു കൃഷിക്കൊതുവേയും രാജ്യത്തിന്റെ അഭിവൃദ്ധിക്കും വളരെ ഗുണകരമായി തീരുന്നതുമാണെന്നാണു് എനിക്കു പ്രത്യേകിച്ചു് ഉൽബോധിപ്പിക്കുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഇതിന്റെ 4-ാം വകുപ്പിൽ ചില പ്രൊവിഡോസ് കൂടി ചേർക്കുവാനുണ്ട്. അതു സിലക്ട് കമ്മിറ്റിയിൽവെച്ച് ചേർക്കുന്നതിനു് എനിക്കു സമ്മതവുമാണു്. അതിനു ഞാൻ തയ്യാറുമാണു്.

ഇപ്പോഴത്തെ നിയമപ്രകാരം പഞ്ചായത്തിൽ 50 രൂപ്പികവരെ സല യുള്ള കേസുകൾ മാത്രമെ കൊടുക്കുവാൻ പാടുള്ളുവെന്നുണ്ടു്. അതു് നൂറ് (100) രൂപ്പികയാക്കുന്നതിനും, പഞ്ചായത്തിന്റെ കാലാവധി 3 കൊല്ലം എന്നാക്കുന്നതിനുംകൂടി ഒരു ഭേദഗതി ഇതിലുണ്ടു്. പഞ്ചായത്തുകേസുകളെ സം ബന്ധിച്ചിടത്തോളം അപ്പീൽ കൊടുക്കുന്നതിനുള്ള നിയമവും ഈ ബില്ലിൽ ഭേദപ്പെടുത്തീട്ടുണ്ടു്. ആ കാര്യത്തിൽ എനിക്കു് വലിയ സിദ്ധാന്തം ഇല്ലെങ്കിലും പഞ്ചായത്തു കേസുകളുടെ സല 50-ൽനിന്നു് നൂറാക്കേണ്ടതു് ആവശ്യമാണു്. ഈ കൊല്ലത്തെ കാലാവധിയെ സംബന്ധിച്ചിടത്തോളം അനുകൂലാഭിപ്രായക്കാരും, വിരുദ്ധാഭിപ്രായക്കാരും ഉണ്ടെന്നുള്ള ബോദ്ധ്യം എനിക്കുണ്ടു്. അതു് സിലക്ട് കമ്മിറ്റിയുടെ ഇഷ്ടംപോലെ മാറ്റാവുന്നതുമാണു്. ഈ ബിൽ നിയമമാക്കുന്നതിനു എന്റെ നിയോജകമണ്ഡലത്തിൽനിന്നുതന്നെ പഞ്ചായത്തുകാർ പ്രമേയങ്ങൾ പാസ്സാക്കി ഗവൺമെൻറിലേക്കു അയച്ചിട്ടുള്ള തായി എനിക്കറിയാം. മദിരാശിയിൽ പഞ്ചായത്ത് ആക്ടു് എങ്ങിനെ വർക്കുചെയ്യുന്നുവെന്നു ഗവൺമെൻറിൽനിന്നും കൂലങ്കഷമായി അന്വേഷിക്കുന്നപക്ഷം എന്റെ ബില്ലിനോടു അനുകൂലിക്കുന്നതാകുന്നു. എന്റെ ഈ ബിൽ എല്ലാവരും അനുകൂലിച്ചു് പാസാക്കിത്തരണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ ഈ സഭയുടെ ശ്രദ്ധക്കായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ബി. എം. പീറർ: പഞ്ചായത്തു ഡിപ്പാർട്ട്മെൻറിന്റെ ഭരണം ഒരു ജനകീയ മന്ത്രിയുടെ കീഴിലാക്കിയപ്പോൾ പഞ്ചായത്തു ചട്ടങ്ങളെപ്പറ്റിയുള്ള ന്യൂനതകൾ പരിഹരിക്കുവാൻ തീർച്ചയായും ആ ജനകീയമന്ത്രിതന്നെ പ്രത്യേകം ഒരു ബിൽ അവതരിപ്പിക്കുമെന്നാണു് ഞാൻ ധരിച്ചിരുന്നതു്. പക്ഷെ അതിനു് സമയമില്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം അവതരിപ്പിക്കാത്തതു്. അടുത്തുതന്നെ ഒരു ബിൽ കൊണ്ടുവരുമെന്നും ഞാൻ വിചാരിക്കുന്നു. അതിനുമുമ്പുതന്നെ പഞ്ചായത്തുകളിലെ അവശതകളെ സംബന്ധിച്ചിടത്തോളം വളരെയധികം പരിചയം സിദ്ധിച്ചിട്ടുള്ള മിസ്റ്റർ ഇയ്യു ഇങ്ങിനെ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകതന്നെ ചെയ്യുന്നു. ഒരു പ്രജായത്ത ഭരണത്തിന്റെ പ്രാരംഭ പടിയെന്നു പറയപ്പെടുന്ന പഞ്ചായത്തിൽ ഇപ്പോൾ ജനങ്ങൾക്കു് അനുയോജ്യമായ തരത്തിലുള്ള നിയമങ്ങളല്ല കാണുന്നതു്. പക്ഷെ ഇന്നുള്ള പഞ്ചായത്തിന്റെ സ്ഥിതി നോക്കിയാൽ വളരെ ശോചനീയമാണെന്നതന്നെ പറയേണ്ടിയിരിക്കുന്നു. അധികാരങ്ങൾ അധികവും ഗവൺമെൻറിൽതന്നെ നിക്ഷിപ്തമായിരിക്കുകയും പഞ്ചായത്തെന്നുള്ളപേരിൽ മറ്റു ജനകീയസ്ഥാപനം ഉണ്ടാക്കി കൊണ്ടുനടക്കുന്നുവെന്നുള്ളതു് ഭരണപരിപ്പോട്ടിനെ നന്നാക്കുവാനുള്ള ഒരു കൌശലമായി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായിട്ടാണു് ഞാൻ അതിലെ നിയമങ്ങളെ കണക്കാക്കുന്നതു്. അതുകൊണ്ടു് കൊച്ചിരാജ്യത്തു് പഞ്ചായത്തുകളുടെ പ്രവൃത്തി ശരിയായി നിർവ്വഹിക്കണമെങ്കിൽ അതിനു തക്കതായ നിയമങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. അതിനു ഗവൺമെൻറു തയ്യാറില്ലെങ്കിൽ തീർച്ചയായും ഈ പഞ്ചായത്തുകളെ നിറുത്തൽ ചെയ്യുകയായിരിക്കും നല്ലതു്. (ഹിയർ, ഹിയർ.) രാജ്യത്തിന്റെനന്മക്കും പൊതുജനങ്ങളുടെ ക്ഷേമത്തിനുംവേണ്ടി പ്രവൃത്തിച്ചുവരുന്ന അനുദ്യോഗസ്ഥ സാമാജികന്മാരുടെ സമയം ഇങ്ങിനെയുള്ള കാര്യത്തിൽ പാഴാക്കിക്കളയുവാൻ ഗവൺമെൻറു് ഒരിക്കലും അനുവദിക്കരുതെന്നുള്ളതാണു് എന്റെ പ്രധാനമായ അപേക്ഷ. (ഹിയർ, ഹിയർ).

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിൽ കാണിച്ചിരിക്കുന്ന ചില പ്രധാനഭാഗങ്ങളിൽ ചിലതെല്ലാം ഗവൺമെൻറതന്നെ അംഗീകരിച്ചതായിട്ട് കഴിഞ്ഞ പഞ്ചായത്തുകോൺഫറൻസിൽ വെച്ച് ഞാൻ മനസ്സിലാക്കീട്ടുണ്ട്. അതായതു" വാർഡു തിരിച്ച് എലക്ഷൻ നടത്തണമെന്നുള്ളതു് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളതായിട്ടാണ് ഞാൻ മനസ്സിലാക്കീട്ടുള്ളതു്.

മിസ്റ്റർ വി. കെ. കുട്ടി: ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല.

മിസ്റ്റർ ബി. എം. പീറാർ: റസല്യൂഷൻ പാസാക്കുകയുണ്ടായി.

മിസ്റ്റർ വി. കെ. കുട്ടി: കാൺഫറൻസിൽ പാസായി.

ഡാക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി ഡിസ്ക്ഷൻ ഉണ്ടായി.

മിസ്റ്റർ ബി. എം. പീറാർ: ഇങ്ങിനെയുള്ള ഒരു നിയമം വെച്ചാൽ കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്നാണ് എൻെറ വിശ്വാസം. വില്ലേജുകളുടെ അകലം നോക്കിയാൽ ഒരു നാഴിക, രണ്ടു നാഴിക ഇടവിട്ടാണ് ചെറുവില്ലേജുകൾ സ്ഥിതിചെയ്യുന്നതു്. ചില വാർഡുകൾ ജനങ്ങൾ കൂടുതലുള്ളതായി കാണപ്പെടുന്നു. അങ്ങിനെയുള്ള വില്ലേജുകളെകൂടി യോജിപ്പിച്ച് ഇപ്പോഴത്തെ നിയമപ്രകാരം എലക്ഷൻ നടത്തുമ്പോൾ അവിടെയായിരിക്കും കൂടുതൽ വോട്ടും അതനുസരിച്ചു മെമ്പർമാരും കിട്ടുവാൻ എളുപ്പമുള്ളതു്. ചിലസ്ഥലങ്ങളിൽ ഒറ്റ മെമ്പറെപ്പോലും കിട്ടാതേയും വരും. അതുകൊണ്ടു് ആ ഒരു സ്ഥലത്തുള്ളവർതന്നെയായിരിക്കും ആ പഞ്ചായത്തിൻെറ ഒട്ടാകെയുള്ള ഭരണം നടത്തുവാനിടവരുന്നതു്. വാർഡായിട്ട് തിരിച്ച് എലക്ഷൻ നടത്തുന്നതായാൽ എല്ലാവക്കും അതിൽ ഭാഗഭാക്കുകളാകുന്നതിനും കൂടി ഇടയുള്ളതാണ്. അതുകൊണ്ടു് വാർഡു് തിരിച്ചു് എലക്ഷൻ നടത്തുന്നതിനുള്ള വ്യവസ്ഥയും കൂടി നിയമത്തിലുണ്ടായിരിക്കേണ്ടതാണ്. സമയം അതിക്രമിച്ചിരിക്കുന്നതുകൊണ്ടു് ഇനിയത്തെ സെഷനിൽ ഇതിനെപ്പറ്റിസംസാരിക്കുവാനുള്ള അവസരം കിട്ടുമെന്നുള്ള വിശ്വാസത്തോടുകൂടി എൻെറ പ്രസംഗം ഇവിടെ തല്ക്കാലം നിർത്തുന്നു.

The House stood adjourned sine die at 5 p. m.

B. V. K. MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly